LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതിയുടെ ഉപഭോഗവും ഉല്പാദനവും

3 (3994) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ വർഷം സംസ്ഥാനത്ത് എത്ര യൂണിറ്റ് വൈദ്യുതിയുടെ ഉപഭോഗം വർദ്ധിച്ചിട്ടുണ്ടെന്നും എത്ര യൂണിറ്റ് വൈദ്യുതിയുടെ ഉല്പാദനം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് കുറവ് വന്നിട്ടുണ്ടെന്നും വ്യക്തമാക്കാമോ; പ്രസരണ നഷ്ടം എത്രയാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

ഈ വർഷത്തെയും കഴിഞ്ഞ വർഷത്തെയും നവംബർ മാസം വരെയുള്ള കണക്കുകൾ താരതമ്യം ചെയ്യുമ്പോൾ ഉപഭോഗത്തിൽ 881.54 Mu വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉത്പാദനം കഴിഞ്ഞ വർഷത്തേതിൽ നിന്നും ഇതുവരെ 484.09 Mu കുറവ് വന്നിട്ടുണ്ട്. സംസ്ഥാനത്ത് 2013-14 വർഷത്തിലേക്ക് 3071.20 ദശലക്ഷം യൂണിറ്റ് വൈദ്യുതിയുടെ നഷ്ടമാണ് പ്രസരണ വിതരണം വഴി ഉണ്ടായിട്ടുള്ളത്. ഇത് മൊത്തം വൈദ്യുതി ഉപഭോഗത്തിന്റെ 14.96 ശതമാനമാണ്.

മുടങ്ങിപ്പോയ ജലവൈദ്യുത പദ്ധതികൾ പുനരാരംഭിക്കുവാൻ നടപടി

4 (3995) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ആരംഭിക്കുവാൻ തീരുമാനിച്ച ഏതൊക്കെ ജലവൈദ്യുത പദ്ധതികളാണ് ഇപ്പോൾ മുടങ്ങിക്കിടക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(ബി) പദ്ധതികൾ നടപ്പിലാക്കുവാൻ കഴിയാതെ പോയതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ ;

(സി) ഇത്തരം പദ്ധതികൾ മുടങ്ങിയത് കാരണം എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉത്പാദിപ്പിക്കുവാൻ കഴിയാതെ പോയതെന്ന് വെളിപ്പെടുത്താമോ ;

(ഡി) നിലവിലുള്ള തടസ്സങ്ങൾ മറികടക്കുവാനായി മുടങ്ങിപ്പോയ പദ്ധതികൾ പുനരാരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(ഇ) ജലവൈദ്യുത പദ്ധതികൾ മുടങ്ങിപ്പോയതുമൂലം വൈദ്യുത ഉത്പാദന രംഗം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?